LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യിൽ നൽകിയ അധിക ശമ്പളം

332 (2161) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കോ പെൻഷൻകാർക്കോ ശമ്പളം അധികമായി നൽകിയിട്ടുണ്ടോ ; എങ്കിൽ ശമ്പളം/പെൻഷൻ എന്നിവ 2014-15 വർഷം എത്ര ജീവനക്കാർക്ക് എന്ത് തുക എത്ര തവണ അധികമായി നൽകിയിട്ടുണ്ട് ;

(ബി) ഇതിൽ തെറ്റായി നൽകിയ അധിക ശമ്പളമോ പെൻഷനോ ലഭിച്ചവർ തിരിച്ച് നൽകുകയോ കെ.എസ്.ആർ.ടി.സി. തിരികെ പിടിക്കുകയോ നാളിതുവരെ ചെയ്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം നൽകാമോ ; ഇല്ലെങ്കിൽ അത് തിരികെ പിടിക്കാത്തതിന്റെ കാരണം അറിയിക്കുമോ ;

(സി) ഇത്തരത്തിൽ ശമ്പളം അധികമായി നൽകിയതിന്റെ ഉത്തവാദിത്വം ഏതൊക്കെ ഉദ്യോഗസ്ഥർക്കാണ് ;

(ഡി) ഉത്തരവാദികളായ ആരുടെയെല്ലാം പേരിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ഇ) ശമ്പളം/പെൻഷൻ അധികരിപ്പിച്ച് നൽകുന്ന തെറ്റ് ആവർത്തിക്കാതിരിക്കാൻ നാളിതുവരെ ഉദ്യോഗസ്ഥതലത്തിലും മറ്റ് ടെക്നിക്കൽതലത്തിലും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-ഇ) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാർക്കോ പെൻഷൻകാർക്കോ 2014-15 വർഷം ശമ്പളം/പെൻഷൻ എന്നിവ അധികമായി നൽകിയിട്ടില്ല.

കെ.എസ്.ആർ.ടി.സി.-യിൽ ഓൺലൈൻ ടിക്കറ്റ് റിസർവ്

333 (2162) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഓൺലൈൻ മുഖേന ടിക്കറ്റ് റിസർവ് ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം റൂട്ടുകളിലാണ് ഈ സൗകര്യം ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത ബസ്സുകളുടെ വിശദാംശങ്ങൾ മൊബൈൽ ഫോൺവഴി ലഭ്യമാക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ 24 ഓൺലൈൻ റിസർവേഷൻ കൗണ്ടറുകൾവഴി മുൻകൂർ ഓൺലൈൻ റിസർവേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ യാത്രക്കാർക്ക് ഓൺലൈൻ സംവിധാനംവഴി www;ksrtconline.com എന്ന വെബ് സൈറ്റ് മുഖേന ക്രഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ് ഇന്റർനെറ്റ് ബാങ്കിംഗ് മുഖേനയും ടിക്കറ്റ് മുൻകൂർ റിസർവ് ചെയ്യാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് Mobile Android Application ഉപയോഗിച്ച് ഓൺലൈൻ ടിക്കറ്റുകൾ റിസർവ് ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ വോൾവോ, സൂപ്പർ ഡീലക്സ്, സിൽവർ ലൈൻ ജെറ്റ് തുടങ്ങിയ സൂപ്പർ ക്ലാസ്സ് സർവ്വീസുകൾക്കും മുൻകൂർ റിസർവേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുത്ത ദീർഘദൂര സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി സർവീസുകൾക്ക് നിലവിൽ ടിക്കറ്റുകൾ മുൻകൂർ റിസർവ് ചെയ്യാൻ സാധിക്കും. ആകെ 325 സർവീസുകൾക്ക് നിലവിൽ മുൻകൂർ ടിക്കറ്റ് റിസർവേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(സി) നിലവിൽ യാത്രക്കാർ ഓൺലൈൻമുഖേന ടിക്കറ്റ് റിസർവ് ചെയ്യുമ്പോൾ തന്നെ അവരുടെ മൊബൈലിൽ എസ്.എം.എസ് മുഖേന ടിക്കറ്റ് ലഭ്യമാക്കുന്നുണ്ട്. (എം-ടിക്കറ്റ്) പ്രസ്തുത ടിക്കറ്റ് ഉപയോഗിച്ച് ബസ്സിൽ യാത്ര ചെയ്യാവുന്നതാണ്. കൂടാതെ ബസ് പുറപ്പെടുന്നതിനുമുൻപായി കണ്ടക്ടർ റിസർവേഷൻ ചാർട്ട് തയ്യാറാക്കുന്നവേളയിൽ സർവ്വീസ് നടത്തുന്ന ബസ്സിന്റെ നമ്പർ, ഔദ്യോഗികമായി മൊബൈൽ ഫോൺ അനുവദിച്ചിട്ടുള്ള ബസ്സുകൾക്ക് പ്രസ്തുത മൊബൈൽ നമ്പർ, ബാക്കിയുള്ള ബസ്സുകൾക്ക് ബസ് പുറപ്പെടുന്ന യൂണിറ്റിലെ ടെലിഫോൺ നമ്പർ എന്നിവയും എസ്.എം.എസ്. മുഖാന്തരം ലഭ്യമാക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് Mobile Android Application ഉപയോഗിച്ച് ഓൺലൈൻ ടിക്കറ്റുകൾ റിസർവ് ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly